ആലപ്പുഴ നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനം

127 [128] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരവികസനത്തിന്റെ ഭാഗമായുള്ള മാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി 2004-2005 ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നടപടികൾ സ്വീകരിക്കുന്നതാണ്. ആലപ്പുഴ നഗര വികസനത്തിന്റെ ഭാഗമായുള്ള മാലിന്യ നിർമ്മാർജ്ജനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 5.35 കോടി രൂപ ചെലവു വരുന്ന ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുള്ള തുൾപ്പെടെ പല പദ്ധതികളും തയ്യാറാക്കി വരുന്നു. കൂടാതെ ആലപ്പുഴ നഗരത്തിലെ കനാലുകൾ വൃത്തിയാക്കുന്നതിന് ജല വിഭവ ഡിപ്പാർട്ടുമെന്റിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതും സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. ബഹു. മുഖ്യമന്ത്രിയുടെയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ആലപ്പുഴ നഗരവികസനം സംബന്ധിച്ച് 1-12-2003-ൽ നടത്തിയ യോഗത്തിൽ ആലപ്പുഴ നഗരവികസനത്തിന് 5.35 കോടി രൂപ 2004-05-ലെ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നടപടികൾ തുടർന്നുവരുന്നു.

ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണം

128 [129] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് ആലപ്പുഴ എം. എൽ. എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly